(സി) റിലയൻസ് പെട്രോളിയം ആന്ധ്രാപ്രദേശിൽ പ്രകൃതി വാതക ഡിപ്പോസിറ്റ് കണ്ടെത്തിയതോടെ പുതുവൈപ്പിനിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന എൽ. എൻ.ജി. ടെർമിനൽ വേണ്ടെന്നു വച്ചിട്ടുണ്ടോ?

ഉത്തരം

(എ) വാതക വിലയെ സംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാകാതിരുന്നതിനാൽ കേരളത്തിലെ ഒരു കമ്പനിയും ഇക്കാര്യത്തിൽ ധാരണ ഉണ്ടാക്കിയിരുന്നില്ല.

(ബി) കൊച്ചി എൽ.എൻ.ജി. പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അനുമതിയും അംഗീകാരവും പദ്ധതിയുടെ പ്രമോട്ടറായ പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് എന്ന സ്ഥാപനത്തിനു ലഭിച്ചു കഴിഞ്ഞു. പദ്ധതി അവലോകനം നടത്താൻ മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം 19-11-2003-ൽ തിരുവനന്തപുരത്ത് വച്ച് നടത്തുകയുണ്ടായി.

(സി) ഇല്ല. എൽ.എൻ.ജി. ടെർമിനൽ പ്രാവർത്തികമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

16 [1487] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരുടെ ശമ്പള വ്യവസ്ഥ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചരിത്രസംഭവ സ്മാരക ബോധവൽക്കരണ മ്യൂസിയം കടയ്ക്കലിൽ ആരംഭിക്കാൻ നടപടി

17 [1488] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്വാതന്ത്ര്യ സമരത്തിലെ ശ്രദ്ധേയമായ കടയ്ക്കൽ വിപ്ലവ വേളയിൽ തീവെച്ചതും ഓടു തകർക്കപ്പെട്ടതുമായ പോലീസ് സ്റ്റേഷനാണ് അറ്റകുറ്റപ്പണി ചെയ്ത് ഇപ്പോൾ കടയ്ക്കൽ സർക്കിൾ ഇൻസ്പക്ടറുടെ ഓഫീസായി പ്രവർത്തിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രാദേശിക സമരങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ജനാധിപത്യ ഭരണ വ്യവസ്ഥയിലെ പോലീസിനെക്കുറിച്ചുമുള്ള ഒരു മ്യൂസിയം ചരിത്രസ്മാരകമായ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ചരിത്ര സംഭവ സ്മാരക ബോധവൽക്കരണ മ്യൂസിയങ്ങൾ എവിടെയെങ്കിലും പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ഇ) മ്യൂസിയത്തിൽ എന്തെല്ലാം പ്രദർശന ഇനങ്ങളാണ് ഒരുക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) & (ഡി) പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ചരിത്ര സംഭവ സ്മാരക ബോധവൽക്കരണ മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നില്ല. എന്നാൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള പഴയ കെട്ടിടം പോലീസ് മ്യൂസിയമായി നിലനിർത്തിയിട്ടുണ്ട്.

(ഇ) കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള മ്യൂസിയത്തിൽ മുൻകാല പോലീസിന്റെ യൂണിഫോമുകളും പഴയ ആയുധങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്.

ഗാന്ധിസ്മാരക ഗ്രാമസേവാ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ അട്ടിമറിക്കാൻ ശ്രമിക്കുന്നവർക്കെതിരെ നടപടി

18 [1488] ശ്രീ. പി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കേരള ഗാന്ധിസ്മാരക നിധിയുടേതായി വടക്കാഞ്ചേരി അഞ്ചുമൂർത്തിമംഗലത്ത് ഗാന്ധിസ്മാരക ഗ്രാമസേവാ കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തെ സ്വന്തമാക്കുന്നതിന് ചില തൽപ്പരകക്ഷികൾ വ്യാജരേഖകൾ ചമയ്ക്കുകയും. വ്യാജ പ്രചരണങ്ങൾ നടത്തുകയും ചെയ്തതു സംബന്ധിച്ച് ഗാന്ധിസ്മാരക നിധിയുടെ പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly